**No. 376/PGN/2013/TA4/CEE**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

**പത്രക്കുറിപ്പ്**

## പി.ജി. നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2013 - അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്

**2013 ജൂലായ് 21, ഞായറാഴ്ച** തിരുവനന്തപുരത്ത് വച്ച് നടത്തുന്ന 2013–14 ലെ എം.എസ്.സി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ **13.07.2013** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ **ആപ്ലിക്കേഷൻ നമ്പറും, ജനന തീയതിയും** കൃത്യമായി നൽകിയതിനുശേഷം **'Get Admit Card'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡ് തടഞ്ഞുവച്ചിട്ടുണ്ട്. അവർ അഡ്മിറ്റ് കാർഡിനായുള്ള ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ചില ഫോർമാറ്റുകളും വെബ്സൈറ്റിൽ ലഭ്യമാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ ഈ ഓഫീസിൽ **18.07.2013 വൈകുന്നേരം 5 മണിക്കു മുൻപ്** നേരിട്ടോ, സ്പീഡ് പോസ്റ്റ് / രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ സമർപ്പിച്ച് അവരുടെ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

ആപ്ലിക്കേഷൻ നമ്പറിനുവേണ്ടി, പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
13.07.2013